# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 278 | 20.06.2018 ൽ മറുപടിക്ക്

## ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ഡോ.എം.കെ.മുനീർ<br>ശ്രീ.എൻ.ഷംസുദ്ദീൻ<br>ശ്രീ.പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ക്രൈം ബ്രാഞ്ചിൽ വർഷങ്ങൾ പഴക്കമുള്ള കേസ്സുകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>തെളിവുകളുടെ അഭാവം നിമിത്തം പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതും, ഒളിവിൽ കഴിയുന്ന പ്രതികളെ കണ്ടെത്താനാവാത്തതും,ചില കേസ്സുകളുടെ അന്വേഷണത്തിന് ബഹു.സുപ്രീംകോടതി/ ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളത് നിമിത്തവും ഏതാനും കേസ്സുകളിൽ വർഷങ്ങളായി അന്വേഷണം പൂർത്തിയാക്കാനാവാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്. |
| (ബി) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ; | (ബി) ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും പുന:സംഘടിപ്പിക്കുന്നതിനും, സങ്കീർണ്ണവും കോളിളക്കം സൃഷ്ടിക്കുന്നതുമായ അന്തർജില്ല-അന്തർസംസ്ഥാന വ്യാപകമായ കേസുകൾ കൈകാര്യം ചെയ്യുന്നതിനും, കൃത്യമായ നിയമോപദേശം തേടുന്നതിനും ഉതകുന്ന വിവിധ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (സി) ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരണ അന്വേഷണ സംവിധാനം ഏർപ്പെടുത്തുമോ; പ്രധാന പട്ടണങ്ങളിൽ സ്പെഷ്യൽ വിംഗ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരണ അന്വേഷണ സംവിധാനം സംബന്ധിച്ച ശുപാർശകൾ ഒന്നും നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ